68 (1517) ചീരോത്ത് കുളം വനം

<u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാവിലുംപാറ പഞ്ചായത്തിൽ ചീരോത്ത് കുളം വനത്തിൽ സ്വകാര്യവ്യക്തി മരംമുറിക്കാൻ നടത്തുന്ന ശ്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശം കെ.പി.ടി. ആക്ടിന്റെ സെക്ഷൻ 5 അനുസരിച്ച് നോട്ടിഫൈ ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

69 (1518) ശബരിമല നടവരവ്

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> :

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ശബരിമല സീസണിൽ അയ്യപ്പഭക്തൻമാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) തീർത്ഥാടനകാലത്ത് ഏറെ ട്രാഫിക് ഉണ്ടാകാറുള്ള ചാലക്കയം-പമ്പാ റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) 1996-97, 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ശബരിമലയിലെ നടവരവ് ഓരോ ഇനത്തിലും എത്രയായിരുന്നെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ വർഷങ്ങളിൽ ശബരിമലയിൽ ബോർഡ് നടത്തിയിട്ടുള്ള മരാമത്തു പണികൾ എന്തൊക്കെയായിരുന്നുവെന്നും ചെലവഴിച്ച തുക എത്രവീതമായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(എഫ്) തീർത്ഥാടന കാലത്ത് അല്ലാതെ സാധാരണ മാസങ്ങളിലെ ആദ്യദിവസങ്ങളിൽ ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തൻമാർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഈ അവസരത്തിൽ അയ്യപ്പഭക്തൻമാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ദേവസ്വംബോർഡിന്റെ ചുമതലയിൽ സന്നിധാനത്തും പമ്പയിലും കൂടുതൽ കക്കൂസുകൾ സ്ഥാപിച്ച് തീർത്ഥാടകർക്കുള്ള പ്രാഥമിക സൗകര്യങ്ങൾ വിപുലപ്പെടുത്തി. പ്രസാദനിർമ്മാണ വിതരണ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly